

# സ്പർശം

## സ്കൂൾ മാഗസിൻ

ഗവ.ഹയർ സെക്കന്ററി സ്കൂൾ
ശ്രീകണ്ഠപുരം

## INDEX


MESSAGE....3
MESSAGE....4
തെറ്റുകൾ....6
പ്രളയം....9
കാറ്റ്....11
തകഴി ശിവശങ്കരപ്പിള്ള....13
കടങ്കഥകൾ....15
മഹാന്മാരുടെ....17
കുട്ടികളും മൊബൈൽഉപയോഗവും....18
ക്വിസ് പൊതുവിജ്ഞാനം....25
ഓടയിൽ നിന്ന്....26
STARS....28
FRIENDSHIP....31
THERE WAS....32
THE NIGHT....33
THE SHADOW....35
ചിത്രസ്പർശം....37
CROSSWORD....44

# MESSAGE



ശ്രീകണ്ഠപുരം ഗവ ഹയർ സെക്കന്ററി സ്കൂളിലെ ലിറ്റിൽ കൈറ്റ്സിന്റെ നേതൃത്വത്തിൽ തയ്യാറാക്കിയ മാഗസിന് എല്ലാവിധ ആശംസകളും നേരുന്നു.

**എം.സി.രാമചന്ദ്രൻ**
(ഹെഡ്മാസ്റ്റർ)
ജി.എച്ച്.എസ്.എസ്
ശ്രീകണ്ഠപുരം

ശ്രീകണ്ഠപുരം
30.01.2020

# MESSAGE



ശ്രീകണ്ഠപുരം ഗവ.ഹയർ സെക്കന്ററി സ്കൂൾ ലിറ്റിൽ കൈറ്റ്സിന്റെ നേതൃത്വത്തിൽ തയ്യാറാക്കിയ മാഗസിന് സ്കൂൾ പി.ടി.എ യുടെ ഭാഗത്തുനിന്നും എല്ലാവിധ ആശംസകളും നേരുന്നു.

ശ്രീകണ്ഠപുരം
30.01.2020.

രാജൻഅമ്പിലോത്ത്,
പി ടി എ പ്രസിഡണ്ട്

# EDITORIAL



**അതുൽ രാജ്**

9 th E

ചീഫ് എഡിറ്റർ

ചരിത്രത്തിന്റെ ആവശ്യങ്ങളും,അർത്ഥങ്ങളും,ആരോഹണാവരോഹണങ്ങളും,ഈ സർഗ സൃഷ്ടികളിൽ കാണാം....

നമ്മുടെ പ്രേരണകളുടെയും,പ്രവൃത്തികളുടെയും, വചനങ്ങളുടെയും,സ്വപ്നങ്ങളുടെയുംഅടിയൊഴുക്കുകൾ കണ്ടെത്താൻ പ്രാപ്തമല്ലെങ്കിലും,നമ്മളും ശ്രമത്തിന്റെ പാതയിലാണ്.കാലത്തിലൂടെയുള്ള നമ്മുടെ തപ്പിത്തടച്ചിലിൽ ശ്രീകണ്ഠപുരം ഗവൺമെന്റ്ഹയർ സെക്കന്ററി സ്കൂളിലെ,ലിറ്റിൽകൈറ്റ്സ് ക്ലബിന്റെ ഒരു സ്നേഹ'സ്പർശ'മാണ് ഡിജിറ്റൽ സംവിധാനത്തിലൂടെ പ്രസിദ്ധീകരിക്കുന്നത്....

“നീ പ്രാർത്ഥിക്കുമ്പോൾ നിന്റെ ഉള്ളറയിൽ കയറി നിന്റെ വാതിലടച്ച് അവിടെ അദൃശ്യനായി വസിക്കുന്ന നിന്റെ പിതാവിനോട് പ്രാർത്ഥിക്കുക;നിന്റെ രചനകൾ ലോക നന്മയ്ക്ക് വേണ്ടിയുള്ള അടയാളപ്പെടുത്തലുകളാകട്ടെ..........”

യേശുവിന്റെ സത്യമുള്ള വാക്കുകൾ ഞങ്ങളുടെ ഭാവനയുടെ ചിറക് വിടർത്താൻ സഹായിച്ചിട്ടുണ്ട്...............

കൊച്ചു കഥകൾ,കവിതകൾ.ചോദ്യോത്തരങ്ങൾ,ലഘു ഉപന്യാസങ്ങൾ,ചിത്രങ്ങൾ ഇവയെല്ലാം കൂടിച്ചേർന്ന ഒരു സർഗപ്രപഞ്ചമാണ് 'സ്പർശം' എന്നത് വായനക്കാരെ ഓർമ്മപ്പെടുത്തുമെന്ന് എന്ന് ഞങ്ങൾ പ്രത്യാശിക്കുന്നു.........



പുസ്തകാസ്വാദനം

# തെറ്റുകൾ

## പുനത്തിൽ കുഞ്ഞബ്ദുള്ള

മാളവിക ആർ.കെ
8 th E

ഇസ്ലാം സമൂഹത്തിന്റെ തുടിപ്പുകളും സംസ്കാരങ്ങളും വാമൊഴി പ്രയോഗവും അതേ പ്രകാരം ഒപ്പിയെടുക്കുന്ന പുനത്തിൽ കുഞ്ഞബ്ദുള്ളയുടെ ഹൃദയഹാരിയായ കഥയാണ്' തെറ്റുകൾ'. ജീവിതഗന്ധിയായ ഭാഷാ പ്രയോഗത്താൽ അനുവാചക ഹൃദയങ്ങളിൽ നിറസാന്നി ധ്യമായ കഥാകൃത്ത് ഈ കഥകളിലൂടെ വിവിധ വൈകാരികതലങ്ങൾ സമ്മേളിപ്പിക്കുന്നു.

തന്റെ സമ്പത്തും യുവത്വവും ഭാര്യവീട്ടുകാർക്കു വേണ്ടി സമർപ്പിച്ച മമ്മത്കുഞ്ഞി അവരാൽ നിഷ്കരു ണം വീട്ടിൽ നിന്നും പുറത്താക്കപ്പെടുന്നു. "ങ്ങക്ക് പോണെ പോവ്വാ.ചൂട്ടിയിതാ"എന്ന് കുഞ്ഞളിയൻ. അബ്ദുവിന്റെ വാക്ക് കേട്ട് ഇടിവെട്ടേറ്റപോലെ അയാൾ നിന്നുപോയി. ബീവിയിൽ ഇത്തരത്തിൽ ഒരു മാറ്റം ഉണ്ടാവുമെന്ന് അയാൾ ഒരിക്കലും പ്രതീക്ഷിച്ചില്ല. തിളക്കമാർന്ന കഥാപാത്ര ങ്ങളിലൂടെ അനാവരണം ചെയ്യപ്പെടുന്ന ഈ കുടുംബ കഥ രൂപഭദ്രത കൊണ്ടും അനാദ്രശ്യമായ രചനാസൗഷ്ടവം കൊണ്ടും ശ്രദ്ധേയമാണ് .ഇതിലെ ഓരോ കഥാപാത്രങ്ങളുടെയും സ്വഭാവസവിശേഷതകൾ വ്യത്യസ്തമാണ്. ഒരാളിൽ ഉണ്ടാവുന്ന സ്വഭാവം അവ

രിൽ എപ്പോഴും നിലനിൽക്കുന്നില്ല.ഉദാഹരണം പുതിയാ പ്പിളയായ,മമ്മതുകുഞ്ഞിയെ ആദ്യം സ്നേഹിച്ച ഉമ്മയും അബ്ദുവും, ബീവിയും അലീമയും പിന്നീട് വെറുക്കുന്നു പുതിയത് വരുമ്പോൾ

പഴയതിന്റെ മഹിമയെ വെറുക്കുന്ന സമൂഹത്തെ ചൂണ്ടി ക്കാട്ടുകയാണ് കഥാകാരൻ. മമ്മതുകുഞ്ഞി നീളം വച്ച് മെലിഞ്ഞുണങ്ങിയതു കൊണ്ടാവാം തന്നെ എല്ലാവരും വെറുക്കുന്നതെന്ന് അയാൾ കരുതിയത്. ബീവിയെ കാണാൻ മൊഞ്ചുള്ളത് കൊണ്ടാണ് അയാൾ ബീവിയുടെ സമ്പത്ത് നോക്കാതെ അവളെ നിക്കാഹ് കഴിച്ചത്. പട്ടണത്തിൽ സൈ ക്കിൾ കടയും ചായക്കടയും മമ്മത് കുഞ്ഞിക്കുണ്ടായിരുന്നു. ഒരുപാട് പണം അധ്വാനിച്ച് സമ്പാദിച്ചിരുന്നു. പണം ഉണ്ടാ യിരുന്ന സമയത്ത് ബീവിക്കും, ഉപ്പാക്കും, ഉമ്മയ്ക്കും അലീമയ്ക്കും , അബ്ദുവിനും ധാരാളം വസ്തുങ്ങളും ആഭരണങ്ങളും നൽകി." എന്തിനാണ് ഇത്രയധികം സാധനങ്ങൾവാങ്ങിയത്? ഇതിനെല്ലാം ഒരു പാട് പണം ചെലവായിട്ടുണ്ടാവും അല്ലേ? നിങ്ങളുടേത് ഓട്ടക്കൈയാണ് എന്ന് ബീവി പറഞ്ഞപ്പോൾ മമ്മത് കുഞ്ഞി പറഞ്ഞത് പൈസ ചെലവാക്കാനാണ്

എന്നാണ്.അതുമാത്രമല്ല അയാൾ വലിയ അഭിമാനിയുമാണ് . ബീവിയുടെ വീട്ടിലെ കടം തീർത്തതും മമ്മത് കുഞ്ഞിയാണ്.

ഒരു രാത്രി കോട്ടും സൂട്ടും ധരിച്ച് തന്റെ ഉപ്പവീട്ടിൽ നിന്നും ഇറക്കിവിട്ട ഇക്കാക്ക വന്നപ്പോൾ അവൾക്ക് സന്തോഷവും ഭയവും അനുഭവപ്പെട്ടു. എന്നാൽ ഇക്കാക്കയുടെ ചിരിയിൽ അവളുടെ ഭയം അലിഞ്ഞ് പോയി.അവളുടെ ഉപ്പ മരിച്ചപ്പോൾ വരാൻ കഴിഞ്ഞില്ല എന്നു പറഞ്ഞു. അബ്ദുവിന് തന്റെ കമ്പനിയിൽ ജോലി കൊടുത്തു. മമ്മത് കുഞ്ഞിയെ എല്ലാവരും വെറുക്കുന്നു എന്നു മനസിലാക്കിയ അയാൾ തന്റെ കുഞ്ഞിനെ കാണാ നല്ലാതെ അവിടെ പോവുകയില്ല. അലീമയുടെ വിവാഹം

നടത്തിക്കൊടുത്തത് അവളുടെ ഇക്കാക്കയാണ്.ഒരു ഉദ്യോഗ സ്ഥനായിരുന്നു വരൻ. അലീമയുടെ പുതിയാപ്പിളയോട് ബീവിക്ക് അസൂയ തോന്നി.അയാളെ കാണുമ്പോൾ ബീവി തന്നെ വെറുക്കുന്നു എന്നു മനസിലാക്കിയ അയാൾ പിന്നീട് അവിടെ പോയിരുന്നില്ല.ബീവിയുടെ വീട്ടിലെ കടം മാറ്റാൻ അയാൾ തന്റെ കടകൾ വിറ്റു. ഇക്കാക്ക തന്റെ കമ്പനിയിൽ ജോലി ചെയ്യാൻ വിളിച്ചിരുന്നു. അഭിമാനിയായ അയാൾ എന്നാൽ അവിടെ പോയില്ല . പകരം റെയിൽവേ സ്റ്റേഷനിൽ വെറ്റിലയും പുകയിലും വിൽക്കുകയായിരുന്നു. അലീമയുടെ കൂടെ റെയിൽവേ സ്റ്റേഷനിൽ പോയ ബീവി അത് കാണാൻ ഇടയായി . അവൾക്ക് സങ്കടവും ദേഷ്യവും വന്നു. അവൾക്കുവേണ്ടി കണ്ടുവെച്ച ഇക്കാക്കയെ ഉപ്പ ഇറക്കിവിട്ടു. ഈ കഥ വളരെ ഹൃദയസ്പർശിയാണ്.ഒരാളുടെ ദയനീയാവസ്ഥ ഇതിൽ കാണുന്നു. സ്നേഹിച്ച ഒരാൾ വെറുക്കുന്നതാണ് ഈ കഥയിലെ കഥാബിന്ദു.

ലേഖനം

# പ്രളയം



ഷഹാന നാസർ
10 th F

## പ്രളയം- പ്രകൃതിയുടെ മുന്നറിയിപ്പ്

മനുഷ്യൻ തന്റെ സ്വാർത്ഥ താൽപര്യങ്ങൾക്ക് വേണ്ടി പ്രകൃതിയിൽ നടത്തിയ ഇടപെടലുകൾ മൂലം പ്രകൃതി നൽകുന്ന മറുപടികൾ നാം കുറച്ച് വർഷങ്ങളായി പ്രളയമായും പേമാരിയായും കണ്ടുവരുന്നു. പ്രകൃതി ഒന്ന് പ്രളയമായി പ്രതികരിച്ചപ്പോൾ കേരളമൊന്നാകെയൊന്നുലഞ്ഞു.

എത്ര പാഠങ്ങൾ പഠിച്ചാലും, കൊണ്ടാലും പഠിക്കാത്തവരാണ് നാം മലയാളികൾ. എകദേശം രണ്ട് മാസങ്ങൾക്ക് മുൻപ് കേരളം മുഴുവൻ വെള്ളത്താൽ ഒറ്റപ്പെട്ട് പോയിരുന്നു. ഒപ്പം മണ്ണിടിച്ചിലും തോരാമഴയും ബാക്കിയാക്കിയത് അനേകം കുടുംബങ്ങളുടെ നൊമ്പരങ്ങളാണ്. ഒരായുസ്സ് മുഴുവൻ കഷ്ടപ്പെട്ട് പണിതുയർത്തിയ വീട് നഷ്ടപ്പെട്ടവരെയും അ തിലുപരി ഉറ്റവരെ നഷ്ടപ്പെട്ടവരെയും നാം ഈ പ്രളയക്കാലത്ത് കാണുകയുണ്ടായി.

പ്രളയം പിന്നിട്ട് മാസങ്ങൾ കഴിഞ്ഞുവെങ്കിലും നമ്മുടെ കേരളം അതിൽ നിന്നൊക്കെ കരകയറിക്കൊണ്ടിരിക്കുകയാണ്.മലപ്പുറം ജില്ലയിലെ പുത്തുമ ലയിൽ നടന്ന മണ്ണിടിച്ചിലും പ്രകൃതി നൽകിയ മറുപടിയാണ് മനുഷ്യന്റെ അശാസ്ത്രീയമായ വികസനങ്ങൾക്ക്. നാം മനുഷ്യർ ഉൾപ്പടെ ഭൂമിയിലെ സകലജീവജാലങ്ങളും പ്രകൃതിയെ ആശ്രയിച്ച് കഴിയുന്നവരാണ്. ഒന്ന് ശ്വസിക്കണമെങ്കിൽ പോലും പ്രകൃതിയെ ആശ്രയിക്കുന്ന നമുക്ക് പ്രകൃതിയില്ലാതെ മറ്റൊരു നിലനിൽപ്പില്ല.

അതുകൊണ്ട് പ്രകൃതിയെ സംരക്ഷിക്കേണ്ടത് നമ്മുടെ ആവശ്യകതയും ബാധ്യ തയുമാണ്. സർവ്വവും സഹിക്കുന്ന ഭൂമിയായ നമ്മുടെ അമ്മ നാം മക്കൾ നടത്തുന്ന ക്രൂരതകൾ മാറിയേ മതിയാകൂ. നമുക്ക് ഒന്നിച്ച് നിന്ന് കരകയറ്റാം നമ്മുടെ കൊച്ചു കേരളത്തെ. പ്രകൃതിയിൽ നടത്തുന്ന ചൂഷണങ്ങൾക്ക് നമുക്ക് ശബ്ദമുയർത്താം, നമ്മുടെ നാടിനായി. അവസാന പുഴയും മലിനമാക്കി കഴിഞ്ഞാൽ മനുഷ്യൻ തിരിച്ചറിയും അവന് തന്റെ പണം ഭക്ഷിക്കാൻ കഴിയില്ലെന്ന് . ഈയൊരു തിരിച്ചറിവ് ഓരോ മനുഷ്യർക്കും ഉണ്ടാകട്ടെ. ഇനിയൊരു പ്രളയം, അത് ആവർത്തിക്കാതിരിക്കാൻ നമുക്ക് പ്രകൃതിയുമായി ഇണങ്ങി ജീവിക്കാം.

കവിത

# കാറ്റ്



ജാസ്മിൻ.എൻ
8 th E

മാർദ്ദവമായി ഓരോ ചില്ല്പുഷ്പത്തെയും
തൊട്ടുതലോടി ആരെയോ തേടി
പ്പിടഞ്ഞു തൻ മനസ്സിലൊരുഷ്ണം
അടക്കിപ്പിടിച്ചു കുളിർ കാറ്റായി
അവൻ നീങ്ങുന്നു മന്ദമാരുതനായി.

തൻ കീഴിൽ നൂറോളം കഥകളുമായി
മറ്റുള്ളോർക്ക് ആശ്വാസമായി
തൻ നോവുകളും നൊമ്പരങ്ങളും
ഹൃദയത്തിൽ മൂടിവെച്ച്
കുളിർ കാറ്റായി അവൻ പാറി നടക്കുന്നു.

പറഞ്ഞു തീർക്കാൻ പറ്റാത്ത
നൊമ്പരങ്ങളും സന്തോഷങ്ങളും

## കാറ്റാടികളോടും എറുമ്പുകളോടും

ആൽമരങ്ങളും ചിത്രശലഭങ്ങളോടും
കുശലം ചോദിച്ചും കിന്നാരം
ചൊല്ലിയും ആ മന്ദമാരുതൻ
ഉല്ലസിക്കുന്നു.......

ജീവനു തുല്യം സ്നേഹിച്ചവ നഷ്ടപ്പെട്ടും
അരുതാത്തത് ജീവിതത്തിൽ സംഭവിച്ച
ഒരുപാടുപേരുടെ കാതിൽ തൊട്ടുതലോടി
ആ മന്ദമാരുതൻ ആശ്വാസം നൽകി
പലകാര്യങ്ങൾ കിന്നരിച്ചു..

ജീവിതവിധിയെ കൈനീട്ടി സ്വീകരിച്ച
വരേയും തൊട്ടുതലോടി ആ മന്ദമാരുതൻ.......
ദാരിദ്ര്യത്തിന്റെ അവസാന പടിയിൽ
ജീവൻ തുലഞ്ഞുനിൽക്കുന്നവരേയും
കണ്ട് തൻ ഹൃദയം പിടഞ്ഞുനിൽക്കവേ......

ദുഃഖത്താൽ മൂടിയവരോട് അതിനേക്കാൾ
ദയനീയാവസ്ഥയേക്കുറിച്ച് പറഞ്ഞും
സന്തുഷ്ടവാനോട് ദാരിദ്രത്തിന്റെ
സുഗന്ധം പതിയേ പരത്തിയും

വീഴ്ചയിലേക്ക് ആണ്ടുപോകുന്നവരേ
പ്രതീക്ഷയുടെ മനോഹരമായ തൂവൽ
നൽകിയും ആ മന്ദമാരുതൻ സന്തുഷ്ടനാക്കുന്നു.

# തകഴി ശിവശങ്കരപ്പിള്ള

1912 ഏപ്രിൽ 17-ന് (കൊല്ലവർഷം1087 മേടം 5 അഞ്ചാം തീയതി) പൊയ്യള്ളിക്കളത്തിൽ ശങ്കരക്കുറുപ്പിൻറെയും പടഹാരംമുറിയിൽ അരിപ്പുറത്തുവീട്ടിൽ പാർവ്വതിയമ്മയുടെയും മകനായി ജനിച്ചു. പ്രസിദ്ധ കഥകളി നടൻ ഗുരു കുഞ്ചുക്കുറുപ്പ് തകഴിയുടെ പിതൃസഹോദരൻ ആയിരുന്നു. അച്ഛനും, ചക്കംപുറത്തു കിട്ടു ആശാൻ എന്ന ആളും ആണ് തകഴിയെ നിലത്തെഴുത്ത് പഠിപ്പിച്ചത്. തകഴി സ്കൂളിലായിരുന്നു പ്രൈമറി വിദ്യാഭ്യാസം.

അമ്പലപ്പുഴ കടപ്പുറം ഇംഗ്ലീഷ് സ്ക്കൂളിൽ നിന്ന് ഏഴാം ക്ലാസ് ജയിച്ചു. തുടർന്ന് വൈക്കം ഹൈസ്ക്കൂളിൽ ചേർന്നെങ്കിലും ഒൻപതാം ക്ലാസ്സിൽ തോറ്റതിനെത്തുടർന്ന് കരുവാറ്റ സ്ക്കൂളിലേയ്ക്ക് പഠനം മാറ്റി. കരുവാറ്റയിൽ കൈനിക്കര കുമാരപിള്ളയായിരുന്നു ഹെഡ്മാസ്റ്റർ. പത്താം ക്ലാസ് പാസായശേഷം തിരുവനന്തപുരം ലോ കോളേജിൽ നിന്ന് പ്ലീഡർഷിപ്പ് പരീക്ഷയിൽ ജയിച്ചു. പ്ലീഡർ പരീക്ഷ ജയിച്ച ഉടനെ കേരളകേസരി പത്രത്തിൽ റിപ്പോർട്ടറായി. 1934-ൽ നെടുമുടി തെക്കേമുറി ചെമ്പകശ്ശേരി ചിറയ്ക്കൽ കമലാക്ഷിയമ്മയുമായുള്ള (കാത്ത) വിവാഹം നടന്നു.

തകഴി, അമ്പലപ്പുഴ മുൻസിഫ് കോടതിയിൽ പി. പരമേശ്വരൻ പിള്ള വക്കീലിന്റെ കീഴിൽ പ്രാക്ടീസ് ആരംഭിച്ചു. ഇടതുപക്ഷ രാഷ്ട്രീയത്തിലേയ്ക്ക് ആകൃഷ്ടനായി, സാഹിത്യ പ്രവർത്തക സഹകരണ സംഘത്തിന്റെ പ്രവർത്തനത്തിൽ പങ്കാളിയായി. പുരോഗമന സാഹിത്യ പ്രസ്ഥാനത്തിന്റെ വളർച്ചയിലും തകഴിക്ക് പങ്കുണ്ട്. കേരള സാഹിത്യ അക്കാദമിയുടെ അദ്ധ്യക്ഷനായും, കേന്ദ്ര സാഹിത്യ അക്കാദമി നിർവ്വാഹകസമിതി അംഗമായും പ്രവർത്തിച്ചിട്ടുണ്ട്. അമേരിക്കയിലും, യൂറോപ്പിലും, ജപ്പാനിലും, റഷ്യയിലും പര്യടനം നടത്തി. 1999 ഏപ്രിൽ 10-ആം തീയതി തന്റെ 87-ആം വയസ്സിൽ കേരളം കണ്ട മഹാനായ ആ സാഹിത്യകാരൻ ജന്മനാട്ടിലെ തറവാട്ടുവീട്ടിൽ വച്ച് അന്തരിച്ചു. മൃതദേഹം പൂർണ ഔദ്യോഗിക ബഹുമതികളോടെ വീട്ടുവളപ്പിൽ സംസ്കരിച്ചു. അദ്ദേഹത്തിന്റെ ഭാര്യ കാത്ത 2011 ജൂൺ 1-ന് അന്തരിച്ചു.പതിമൂന്നാം വയസ്സിൽ ആദ്യകഥ എഴുതിയ തകഴി നൂറുകണക്കിന് കഥകൾ രചിച്ചിട്ടുണ്ട്. പിന്നീട് നോവലുകളിലാണ് ശ്രദ്ധ കേന്ദ്രീകരിച്ചത്. കുട്ടനാടിന്റെ ഇതിഹാസകാരൻ എന്നാണ് തകഴിയെ വിശേഷിപ്പിക്കുന്നത് തിരുവനന്തപുരം ലോ കോളജിലെ പഠനത്തിനു ശേഷം കേരള കേസരി പത്രത്തിൽ ജോലിക്കു ചേർന്നതോടെയാണ് തകഴിയുടെ സാഹിത്യ ജീവിതം തഴച്ചു വളരുന്നത്.

# കടങ്കഥകൾ

1. അരിപ്പുള്ളി നായരും തേങ്ങാപ്പുള്ളി നായരും കൂടി മുളപ്പുള്ളിനായരുടെ വീട്ടിൽ വിരുന്നു ചെന്നു, കോൽപ്പുള്ളി നായര് കുത്തിപ്പുറത്താക്കി ?
2. അകത്തു രോമം പുറത്തിറച്ചി?
3. അങ്ങേലെ ചങ്ങാതി വിരുന്നു വന്നു കായ്ക്കാത്ത പൂക്കാത്ത ചെടിയുടെ ഇലവേണം?
4. അക്കരെ നിക്കും തുഞ്ചാണി ഇക്കരെ നിക്കും തുഞ്ചാണി കൂട്ടി മുട്ടും ഏന്താണ്?
5. അങ്ങേ വീടിലെ മുത്തശ്ശിക്ക് ഇങ്ങേ വീട്ടിൽ മുറ്റമടി ?
6. ഓട്ടും കുതിര ചാട്ടും കുതിര വെള്ളം കണ്ടാൽ നിൽക്കും കുതിര?
7. അകത്തു നിന്നു നോക്കി കാണും കണ്ടതെല്ലാം ഉള്ളിലാകും ?
8. ഇല്ലിമേൽ ആയിരം പല്ലി മുട്ട ?
9. അഞ്ചുവരും കുഞ്ഞുവരും ഗൃഹകാണാൻ പോയി അഞ്ചുവരിങ്ങോട്ടും കുഞ്ഞുവരങ്ങോട്ടും പോയി ?
10. അടി മുള്ള് നടു കാട് തല പൂവ് ?

1. പുട്ട്
2. മൂക്ക്
3. വെറ്റില
4. കൺപീലി
5. മുള
6. ചെരുപ്പ്
7. ക്യാമറ
8. നെല്ലിക്ക
9. അഞ്ചു വിരലുകൊണ്ടു ഊണു കഴിക്കുക
10. കൈതച്ചക്ക

# മഹാന്മാരുടെ കണ്ടുപിടുത്തങ്ങൾ

| കണ്ടുപിടുത്തം | കണ്ടുപിടിച്ച വ്യക്തി | വർഷം |
|---|---|---|
| ബൈനോക്കുലർ | ഹാൻസ് ലിപ്പർഷെ | 1608 |
| ടെലിഫോൺ | അലക്സാണ്ടർ ഗ്രഹാംബെൽ | 1876 |
| ടെലിപ്രിന്റർ | ഡൗണാൾഡ് മുറേ | 1898 |
| റേഡിയോ | മാർക്കോണി | 1895 |
| ബാറ്ററി | അലെസാൻഡ്രോ വോൾട്ട് | 1799 |
| വാക്വം ട്യൂബ് | തോമസ് ആൽവ എഡിസൺ | 1882 |
| മൈക്രോഫോൺ | എമിലി ബർലിനർ | 1887 |
| ബ്രെയിലി ലിപി | ലൂയി ബ്രെയിൽ | 1824 |
| ടെലിസ്കോപ്പ് [ദൂരദർശിനി] | ഹാൻസ് ലിപ്പർഷെ | 1608 |
| അനിമോമീറ്റർ | ആൽബർട്ടി | 1450 |

ലേഖനം

# കുട്ടികളും മൊബൈൽ ഉപയോഗവും



സഫീദ അൻവർ സാദത്ത്
8 th E

ഇന്ന് സമൂഹത്തിൽ ഏറി വരുന്ന ഒരു പ്രശ്നമാണ് മൊബൈലിന്റെ ദുരുപയോഗം. പ്രത്യേകിച്ചും കുട്ടികളിൽ. കുട്ടികളുടെ വളർച്ചയെ പ്രത്യക്ഷമായും പരോക്ഷമായും ഉടനീളം ഇത് ബാധിക്കുന്നു. വൃക്ഷങ്ങളോടും പൂക്കളോടും ഫലങ്ങളോടും പ്രിയം തോന്നിക്കുന്ന പ്രകൃതിയോട് ഏറെ അടുപ്പമുള്ള കുട്ടികൾ ഇന്ന് കുറവാണെന്ന് പറയാം. മൊബൈൽ ഉപയോഗം മൂലം കുട്ടികൾക്ക് മാനസികവും ശാരീരികവുമായ പല പ്രശ്നങ്ങളും സംഭവിക്കുന്നു.പലതരം സ്വഭാവ വൈകല്യവും കുട്ടികളിൽ കാണപ്പെടുന്നു. കുട്ടികളിലെ കുട്ടിത്തം ദിനംപ്രതി അകന്നുകൊണ്ടിരിക്കുകയാണ്. ഇന്നത്തെ കുട്ടികൾ കളികളിൽ നിന്നൊക്കെ അകന്ന് ശരീരത്തേയും മനസ്സിനെയും മുഴുവൻ മൊബൈലിലേക്ക് ആവാഹിക്കുകയാണ്. പല കുട്ടികൾക്കും പഠനപരമായ പിന്നാക്കം സംഭവിക്കുന്നു. ബുദ്ധി വികാസത്തിന് ശോഷണം സംഭവിക്കുകയാണ്.ഈ ആധുനികകാലഘട്ടത്തിൽ സോഷ്യൽമീ

ഡിയയുടെ വിഷമുള്ളുകളിൽ കുടുങ്ങി ജീവഹാനി സംഭവിക്കുന്നത് ഒരുലക്ഷത്തിലധികം പേർക്കാണ്.

ഈ കാലഘട്ടത്തിൽ സ്വന്തം ജീവനെ വരെ വിലയില്ലാതെയാക്കി മരണക്കെണികളായ പലതരം രോഗങ്ങളാണ് നാം അഭിമുഖീകരിക്കേണ്ടിവരുന്നത്.

മനുഷ്യന്റെ ചിന്തകളെ അട്ടിമറിച്ച് വേറെ വ്യത്യസ്ത വഴികളിലെത്തിച്ച് അവരറിയാതെ തന്നെ കെണിയിൽ പെടു

ത്തുന്ന പലതരം ഗെയിമുകളും ആപ്പുകളുമാണ് ദിനംപ്രതി രൂപപ്പെടുന്നത്. തന്നിൽ ഏറെ പ്രതീക്ഷകൾ കെട്ടിപ്പണിത മാതാപിതാക്കൾക്ക് കൊടുക്കുന്ന തിരിച്ചടിയാകുമത്. ഇന്ന് എനിക്ക് ഫോണും ടാബും ഇൻ സ്റ്റഗ്രാമും ഒക്കെ ഉണ്ട് എന്ന് പറഞ്ഞ് ചിറകടിച്ച് ഉയരെ പറ ന്നാലും നാളെ ചിറകൊടിഞ്ഞ് ചേറിൽപ്പെട്ട പക്ഷി യെപ്പോലെ നാം ദുഃഖിക്കും. മൊബൈലിന് ഒരു നല്ല വശം ഉണ്ടെന്നുള്ളതിൽ നാം വിസ്മയം പുലർത്തുകയും വേണ്ട.എന്തിനും രണ്ടു വശമുണ്ടാകും.മൊബൈലിന്റെ നല്ല വശം മാത്രം ഉപയോഗപ്പെടു ത്തി ഉപയോഗിച്ചാൽ അതിൽ ഒരു പ്രശ്നവുമുണ്ടാകുന്നില്ല.എന്നാൽ അതിന്റെ ദുർവശം അപകടം തന്നെ.നാം ഇതിലൂടെ നമ്മുടെ സമയവും നഷ്ടപ്പെടുത്തുന്നുണ്ട്.

പ്രകൃതിയോടും കൂട്ടുകാരോടും കുടുബാംഗങ്ങളോടും അകൽച്ച കാണിച്ചുള്ള കുട്ടികളുടെ ഈ പെരുമാറ്റം നമ്മുടെ ശ്രദ്ധയിൽപ്പെടുത്തേണ്ട ഒന്ന് തന്നെയാണ്. കുട്ടികളുടെ ജീവിതം മുതിർന്നവരുടെ കൈപ്പിടിയിലാണ്. നാളത്തെ തലമുറയെ സംരക്ഷിക്കണമെങ്കിൽ നാം ഇന്ന് തന്നെ പ്രയത്നിക്കാൻ തുടങ്ങണം. മനസ്സിനെ മൊബൈലിൽ മാത്രം ഒതുക്കാതെ പുസ്തകാലയങ്ങളിലേക്കും മറ്റ് വിനോദങ്ങളിലേക്കും പറത്തിവിട്ടാൽ ശാന്തിയും സമാധാനവും നിറഞ്ഞ ജീവിതം നമ്മുക്ക് നയിക്കാം സൗന്ദര്യവും സുഗന്ധവുമുള്ള കുസുമങ്ങളായ് നമുക്ക് വളരാം ....

നല്ല സമൂഹത്തെ വാർത്തെടുക്കാം.....

# ഇംഗ്ലീഷ് ക്ലബ്

ഇംഗ്ലീഷ് നമ്മുടെ അന്തർദേശീയ ഭാഷയാണ്. ഇംഗ്ലീഷ് സംസാരിക്കാനും എഴുതാനും ഭാഷ കൈകാര്യം ചെയ്യാനും ഈ ക്ലബ് സഹായിക്കുന്നു. ക്വിസ് കോർണർ,പ്രസംഗം, കവിത, ഉപ ന്യാസം, സെമിനാറുകൾ, വീഡിയോ പ്രദർശനം, ന്യൂസ് റീഡിങ് കോംപെറ്റീഷൻ, ഡ്രാമ, സ്റ്റോറി, ആങ്കറിംഗ്, അസംബ്ലി എന്നിവ ക്ലബ് തലത്തിൽ നടത്തുന്ന പ്രവർത്തനങ്ങളാണ്. 60 കുട്ടികളും ജോബിഷ്.എം.ജോസഫ്,അനിത പോൾ,ജയാ ജോസ്,ദിവ്യ എന്നീ അധ്യാപകരും സജീവമായി പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നു. സബ്ജില്ലാ ജില്ല തലങ്ങളിൽ മികച്ച പ്രകടനം കാഴ്ചവെക്കാൻ ഈ ക്ലബ്ബിന് സാധിക്കുന്നു.

# ഹിന്ദി ക്ലബ്ബ്

ഹിന്ദി നമ്മുടെ രാഷ്ട്രഭാഷയാണ്. ഹിന്ദി സംസാരിക്കുന്ന വരു ടെ എണ്ണം നമ്മുടെ ഇടയിൽ കുറവാണ്. മിക്ക കുട്ടികൾക്കും ഹിന്ദിയിൽ സംസാരിക്കാനും ഭാഷ കൈകാര്യം ചെയ്യാനും താൽ പര്യമുണ്ടായിരിക്കും. അത്തരം കുട്ടികളെ മുന്നോട്ട് കൊണ്ടുവരാ നാണ് ഹിന്ദി ക്ലബ്ബുകൾ രൂപീകരിക്കുന്നത്. കുട്ടികളെ എഴുതാനും വായിക്കാനും സംസാരിക്കാനും പ്രാപ്തരാക്കാൻ ഈ ക്ലബ്ബ് സഹാ യിക്കുന്നു. ക്വിസ്, ഉപന്യാസം, കവിത, അസംബ്ലി, വീഡിയോ പ്രദ ർശനം എന്നിങ്ങനെ വിവിധ പ്രവർത്തനങ്ങൾ ക്ലബ്ബ് തലത്തിൽ നടത്തുന്നു. അൻപത് കുട്ടികളും ശ്രീമ.എം.വി,പവിത.ബി എന്നീ അദ്ധ്യാപികമാരും ഈ ക്ലബ്ബിൽ പ്രവർത്തിക്കുന്നു.

സബ്ജില്ലയിലുംജില്ലയിലും ഉപന്യാസത്തിനും കവിതയ്ക്കും ഉയർന്ന സ്ഥാനവും ഗ്രേഡുകളും കരസ്ഥമാക്കിയിട്ടുണ്ട്.

# ജെ.അർ.സി

ജൂനിയർ റെഡ് ക്രോസ് സൊസൈറ്റി എന്നാണ് ജെ ആർ സി യുടെ പൂർണ്ണരൂപം. സേവന സന്നദ്ധതയുള്ള ഒരു തലമുറയെ വാർത്തെടുക്കുക എന്നതാണ് ജെ ആർ സി യുടെ ലക്ഷ്യം. 'ഐ സെർവ്' എന്നാണ് ജെ ആർ സി യുടെ മോട്ടോ. ജീൻ ഹെൻടി – ആണ് ജെ ആർ സി രൂപീകരിച്ചത്. ജീവകാരുണ്യം ചേരിചേരായ്മ ഐക്യമത്യം, സ്വാതന്ത്ര്യം, സേവനസന്നദ്ധത, സാർവലൗകികത്വം, നിഷ്പക്ഷത, എന്നിവയാണ് ജെ ആർ സി യുടെ അടിസ്ഥാന തത്വങ്ങൾ .

രണ്ടാം ലോക മഹായുദ്ധത്തിൽ പരിക്കേറ്റ ഭടൻമാരെ ശുശ്രൂഷിക്കുക എന്ന ലക്ഷ്യത്തോടെയാണ് ആദ്യമായി ജെ ആർ സി രൂപീകരിച്ചത്. ഗണിത വിഭാഗം അധ്യാപകൻ ഇ.വി.വിനോദിന്റെ നേതൃത്വത്തിൽ നാല്പത് കുട്ടികൾ ജെ ആർ സിയിൽ പ്രവർത്തിക്കുന്നു.

# ഗണിത ശാസ്ത്ര ക്ലബ്

2019-20 അധ്യയന വർഷം 30 അംഗങ്ങളടങ്ങുന്നക്ലബ്ബ് രൂപീകരിക്കുകയും പാസ്ക്കൽ ദിനം,ജനസംഖ്യാദിനം,ക്വിസ് മൽസരങ്ങൾ എന്നിവ നടത്തുകയും ചെയ്തു. സബ്ജില്ലാഗണിതശാസ്ത്ര മേളയിൽ ഇനങ്ങളിൽ 11 പേർ പങ്കെടുത്തു.50 പോയിന്റുകൾ നേടി.മികച്ച വിജയം കരസ്ഥമാക്കി.ഉമ്മർ, വിനോദ്. ഇ.വി, നിഷ.കെ. സെബാസ്റ്റ്യൻ എന്നീ അധ്യാപകർ ഈ ക്ലബ്ബിന് പിന്നിൽ പ്രവർത്തിക്കുന്നു.

# വിദ്യാ ഗീതം
# സ്കൂൾ റേഡിയോ

കുട്ടികളിലെ സംഗീത സർഗവാസനകളെ പരിപോഷി ഷി ക്കാൻ സംഗീത ക്ലബ്ബും ആർട്ട് ക്ലബ്ബും ചേർന്നൊരുക്കിയ ഒ രു റേഡിയോ പരിപാടിയാണ് വിദ്യാഗീതം സ്കൂൾ റേഡിയോ. തിങ്കൾ , ബുധൻ, വെള്ളി ദിവസങ്ങളിലായി ഉച്ചയ്ക്ക് വാർത്തകൾ പ്രശസ്ത ഗായകരുടെ സംഗീത സംപ്രേഷണം , കുട്ടികളുടെ ക ലാപരിപാടികൾ,നാടൻപാട്ട്, സിനിമാഗാനങ്ങൾ, ലളിതഗാന ങ്ങൾ,പ്രസംഗം,ദിനാചരണങ്ങളുമായി ബന്ധപ്പെട്ട പരിപാടി കൾ, ഓൺലൈൻ ക്വിസ്, അറിയിപ്പുകൾ, എന്നിവ സ്കൂൾ റേഡിയോ വഴി സംപ്രേഷണം ചെയ്യുന്നു. കലാ അധ്യാപകൻ രാജീവ് ,ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾ എന്നിവർ സജീവമായി ഇതിൽ പ്രവർത്തിക്കുന്നു

# എസ്.പി.സി

നമ്മുടെ സ്കൂളിൽ എസ്. പി. സി. ആരംഭിച്ചിട്ട് ഏതാണ്ട് 8 വർഷമായിരിക്കുന്നു. 2019 ജൂൺ, ജൂലൈ, ആഗസ്റ്റ് മാസങ്ങ ളായി നടന്ന സെലക്ഷനിൽ 44 കുട്ടികൾക്കാണ് സെലക്ഷൻ ലഭിച്ചത്, 22 പെൺകുട്ടികളും 22 ആൺകുട്ടികളും. വിവത തരം ഫിസിക്കൽ ടെസ്റ്റുകളിലൂടേയും എഴുത്ത്പരീക്ഷകളിലൂടെ യുമാണ് ഇവരെ കാഡെറ്റുകളായി തിരഞ്ഞെടുത്തത്. ജൂനിയറും സീനിയറുമായി 88 കുട്ടികൾ അടങ്ങുന്ന ഒരു യൂണിറ്റാണ് നമ്മുടേത്. 8,9 ക്ലാസിലെ കുട്ടികളാണ് ഇവർ.

2019–20 അധ്യയന കാലഘട്ടത്തിൽ നാം എസ്. പി. സി. യുടെ പ്രകൃതി സംരക്ഷണത്തിന്റെ ഭാഗമായി വിവിധ പ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ട്.

ഓരോ കുട്ടിയും 10 വൃക്ഷത്തൈ വീതം നട്ടിരുന്നു.ഈ വർഷത്തെ എസ്.പി.സി.യുടെ പ്രവർത്തനങ്ങളിൽ എറ്റവും പ്രധാനപ്പെട്ടത്ചെങ്ങളായി സമരിറ്റൻ ഹോം സന്ദർശനമായിരുന്നു. വയോജനങ്ങൾ അവരുടെ ജീവിതാനുഭവങ്ങൾ ഞങ്ങളുമായിപങ്കിട്ടു.

റോഡ് സുരക്ഷാ ബോധവൽക്കരണത്തെക്കുറിച്ച് വേറിട്ട ഒരുപ്രവർത്ത്നം നാം കാഴ്ച വെച്ചു.റോഡ് നിയമം ലംഘിക്കുന്നവർക്ക് മധുരം നൽകി അവരെ ബോധവാന്മാരാക്കി.അതുപോലെജനുവരി 26 റിപ്പബ്ലിക്ക് ദിനത്തോടനുബന്ധിച്ച് നമ്മൾ ഒരുമിച്ച് ഒരു മികച്ച പരേഡ് തന്നെ നടത്തി.

ശ്രീകണ്ഠപുരം ഗവൺമെന്റ് സ്കൂളിൽ എസ്.പി.സി. തുടങ്ങിയ കാലം മുതൽ മണി മാസ്റ്ററാണ് പ്രവർത്തനം നിയന്ത്രിക്കുന്നത്. ഇപ്പോൾ സി.വി.നിഷ ടീച്ചറും സഹായിക്കുന്നു.

# സയൻസ് ക്ലബ്ബ്

ശാസ്ത്രത്തിൽ താല്പര്യമുള്ള വിദ്യാർഥികൾക്ക് ശാസ്ത്രത്തിലെ എല്ലാ മേഖലകളേയും കുറിച്ച് പഠിക്കാൻ സാധിക്കുന്നത് സയൻസ് ക്ലബ്ബിലൂടെയാണ്. കുട്ടികളിലെ ശാസ്ത്ര മനോഭാവം, പരീക്ഷണ നിരീക്ഷണ പാടവം, ശാസ്ത്രകൗതുകം, പ്രയോഗ പാടവം, നിഗമനം തുടങ്ങി നിരവധി അഭിരുചികൾ വളർത്തിയെടുക്കാൻ ശാസ്ത്രക്ലബ്ബ് സഹായിക്കുന്നു. ക്വിസ്, ദിനാചരണങ്ങൾ, പരീക്ഷണങ്ങൾ, സയൻസ് ഫെയറുകൾ, ഫീൽഡ് ട്രിപ്പുകൾ എല്ലാം സയൻസ് ക്ലബ്ബിൻറെ ഭാഗമായി നടത്തപ്പെടുന്നു. നമ്മുടെ സ്കൂളിൽ 65 ഓളം കുട്ടികളും മണി കുന്നിൽ,ഗീത.പി.എൻ,നിഷ.സി.വി,രോഷ്നി ജോസ്, നമിത. എൻ.സി എന്നീ അധ്യാപകരും ഈ ക്ലബ്ബിൽഉണ്ട്.

സബ്ജില്ലയിലും ജില്ലാതലത്തിലും മികച്ച വിജയം നേടാൻ ക്ലബ്ബിന് സാധിച്ചിട്ടുണ്ട്.

# സാമൂഹ്യ ശാസ്ത്ര ക്ലബ്ബ്

സ്കൂളിൽ വിപുലമായ സോഷ്യൽക്ലബ്ബ് രൂപീകരിച്ചിട്ടുണ്ട് എല്ലാ പ്രധാന ദിനാഘോഷങ്ങളും സമുചിതമായി ആഘോഷിക്കുന്നു.സ്വാതന്ത്ര്യദിനാഘോഷം,റിപ്പബ്ലിക് ദിനം, എന്നിവ എസ്.പി.സി കേഡറ്റുകളുമായി സഹകരിച്ച് എല്ലാ വർഷവും ആഘോഷിക്കുന്നു.കൂടാതെ സ്കൂൾ പാർലമെൻറി തെരഞ്ഞെടുപ്പ് തികച്ചും ജനാധിപത്യ രീതിയിൽ തന്നെ നടത്തുന്നു. കൃഷ്ണൻ.കെ.ഇ, വിനോദ് അഗസ്റ്റിൻ,വി.കെ.രാജീവൻ,പി.പി.പ്രസാദ് എന്നീ അധ്യാപകരും നാല്പതിലധികം വിദ്യാർത്ഥികളും സാമൂഹ്യ ശാസ്ത്രം ക്ലബ്ബിൽ സഹകരിക്കുന്നു.

# വിദ്യാരംഗം

കുട്ടികളുടെ സർഗപരമായ കഴിവുകളെ പ്രോത്സാഹിപ്പിക്കുന്നതിൽ വിദ്യാരംഗം ക്ലബ്ബ് മുഖ്യ പങ്ക് വഹിക്കുന്നു.സ്കൂളിലെ എല്ലാ കുട്ടികളും ഇതിൽ അംഗങ്ങളാണ്.ജൂൺ ആദ്യവാരം തന്നെ നമ്മുടെ സ്കൂളിൽവിദ്യാരംഗം ക്ലബ്ബിന്റെ രൂപീകരണം നടന്നു.

ജൂൺ 19 വായനാദിനത്തോടനുബന്ധിച്ച് രണ്ടാഴ്ച നീണ്ടു നിന്ന പരിപാടികൾ നടത്തി.കഥ,കവിത,കാവ്യാലാപനം, നാടൻപാട്ട്,അഭിനയം,ചിത്രരചന,പുസ്തകാസ്വാദനം എന്നീ ഇനങ്ങളിൽ ശില്പശാലകൾ നടത്തി.വിവിധ സാഹിത്യകാരന്മാരുമായി ബന്ധപ്പെട്ട ദിനാചരണങ്ങൾവിദ്യാഗീതം റേഡിയോ പരിപാടിയിൽ അവതരിപ്പിച്ചു.ഒമ്പതാം തരത്തിലെ സി.ദിയ നാടൻ പാട്ട് മത്സരത്തിൽ സംസ്ഥാന തല മത്സരത്തിൽ പങ്കെടുത്തു.ചിത്രകലയിൽ ദേവിക രവീന്ദ്രൻ സബ് ജില്ലാ തലത്തിൽ എ ഗ്രേഡ് നേടി.കുട്ടികളിൽസർഗാത്മകതയും വായനാ ശീലവും വളർത്തുക എന്ന മഹത് ദൗത്യവുമായി വിദ്യാരംഗം അതിന്റെ പ്രയാണം തുടരുകയാണ്.എ.കെ.ഗംഗാധരൻ,നവാസ് മന്നൻ,മനോജ്.പി.വി,രാധാമണി.വി.വി എന്നീ കർമ്മോത്സുകരായ അധ്യപകരാണ് വിദ്യാരംഗത്തിന്റെ അമരക്കാർ.

# ക്വിസ്

## പൊതുവിജ്ഞാനം

1.ഏഷ്യൻ നോബേൽ എന്നറിയപ്പെടുന്ന പുരസ്കാരം ഏത്?
2. ഇപ്പോഴത്തെ കേരള ഹൈക്കോടതി ചീഫ് ജസ്റ്റിസ്?
3.ആമസോണിന്റെ സ്ഥാപകൻ?
4.ഇന്ത്യയിൽ ആദ്യമായി പ്ലാസ്റ്റിക് നിരോധിച്ച ജില്ല കേരള ത്തിലാണ്, ഏതാണ് ആ ജില്ല ?
5.ചൈനീസ് പൊട്ടാറ്റൊ എന്ന പേരിൽ അറിയപ്പെടുന്ന കിഴങ്ങ് വർഗം ഏത്?
6. ജോലി തേടി മറ്റ് സംസ്ഥാനങ്ങളിലേക്ക് പോകുന്ന തൊഴിലാളികൾക്ക് നൽകുന്ന തിരിച്ചറിയൽ കാർഡ് ഏത് പേരിലറിയപ്പെടുന്നു?
7.കേരളത്തിലെ ആദ്യ കറൻസി രഹിത ജില്ല?
8.ഇന്ത്യയിലെ ഏറ്റവും വലിയ സാഹിത്യ പുരസ്കാരം?
9.കേരളത്തിന്റെ ഔദ്യോഗിക ശലഭം?
10.KSRTC ബസ്സിന്റെ രജിസ്ട്രേഷൻ നമ്പർ?

## ഉത്തരങ്ങൾ

1) രമൺമാക്സസെ അവാർഡ്
2) ജസ്റ്റിസ്.എസ്.മണികുമാർ
3) ജെഫ് ബെസോസ്
4) കണ്ണൂർ
5) കൂർക്ക
6) ഹമാരാ കാർഡ്
7) മലപ്പുറം
8) ജ്ഞാനപീഠം
9) ബുദ്ധാമയൂരി
10) KL 15

പുസ്തകാസ്വാദനം

# ഓടയിൽ നിന്ന്

## പി. കേശവദേവ്



**മാളവിക ആർ.കെ**
8 th E

കേരളത്തിലെ സാധാരണക്കാരുടെ ജീവിതത്തെ വാക്കുകൾകൊണ്ട് കോറിയിട്ട ശ്രീ.പീ.കേശവ്ദേവിന്റെ ഹൃദയ സ്പർശിയായകഥയാണ് 'ഓടയിൽനിന്ന് ' . മനുഷ്യർശനത്തെ സമ്പൂർണ്ണമായി പ്രകാശിപ്പിക്കുന്ന കൃതിയാണിത്.ഏറ്റവും ലളിതമെന്നു തോന്നിക്കുന്ന കഥയ്ക്ക് ദേവ് ചൈതന്യം പകർന്നു കൊടുത്തിരിക്കുന്നത്. തന്റെ അനിതരസാധാരണമായ ശൈലി മുഖേനയാണ്.

പപ്പു എന്ന സാധാരണക്കാരനായ റിക്ഷക്കാരന്റെ ജീവിതത്തി ലെ ദുഃഖകരമായതും കൂടാതെ രസകരമായതുമായ ജീവിതാനുഭ വങ്ങളെ അനുവാചകരിൽ പല പല അനുഭവങ്ങൾ ഉളവാക്കുന്ന തരത്തിലാണ് കഥയുടെ രചനാരീതി.

കേരളത്തിലെ അധ്വാനിക്കുന്ന വർഗത്തിന്റെ ജാഗ്രത്തായ ആത്മാഭിമാനത്തിന്റെ പ്രതി ബിംബമായി പപ്പു തലയുയർത്തി നിൽക്കുന്നു.ഒരു ചന്തയിൽ വെച്ച് കണ്ടു മുട്ടുന്ന ലക്ഷ്മി എന്ന കുട്ടിയോട് വാത്സല്യം തോന്നുകയും പല സാധനങ്ങളും വാങ്ങിക്കൊടുക്കുകയും പപ്പു ചെയ്യുന്നു.ദരിദ്രനും പാവവുമായ പപ്പുവിന്റെ ജിവിതത്തിലേക്ക് കടന്നെത്തിയ ലക്ഷ്മി പിന്നീട് അഹങ്കാരിയായിത്തീർന്നു.

കൂടാതെ വളരുംതോറും ലക്ഷ്മിക്ക് പപ്പുവിനോടുള്ള അടുപ്പം കുറയുകയും പപ്പുവിനെ അവഗണിക്കുകയും ചെയ്തു. ലക്ഷ്മിം യുടെ വ്യത്യസ്ത സ്വഭാവസവിശേഷത അനുവാചകരിൽ ലക്ഷ്മിയോട് വെറുപ്പും വിദ്വേഷവും സൃഷ്ടിക്കുന്നു.

ഈ നോവലിലെ പപ്പുവിന്റ വ്യക്തിത്വത്തെ അവഗണിക്കാനോ ഇകഴ്ത്തി കാണിക്കാനോ സാധ്യമല്ല. ലക്ഷ്മിയുടെ ഉയർച്ചയ്ക്കുകാരണം പപ്പുവാണെന്നുള്ള സത്യം

ലക്ഷ്മി വിസ്മരിക്കുന്നു.വാക്കുകൾ കൊണ്ട് ചിത്രം വരയ്ക്കാനുള്ള കഥാനായകന്റെപാടവം ഇവിടെ വ്യക്തമാണ്. തുടിക്കുന്ന ജീവിതത്തിന്റെ ഉഴുതു മറിക്കുന്ന മണ്ണിലാണ് പപ്പു ജീവിക്കുന്നത്. പപ്പു എന്ന കഥാപാത്രത്തിന്റ ജീവിതത്തിലെ അനുഭവം അനുവാചകരിൽ പുളകം കൊള്ളിക്കുന്നു.

# STARS

## നാടൻപാട്ട്



[1]ദിയ.സി
9 th B

എള്ളോളം തരിപൊന്നെന്തിനാ
തരി തഞ്ചാവൂര് പട്ടെന്തിനാ
തങ്കം തെളിയണ പട്ടു തിളങ്ങണ
ചന്തം നിനക്കാട്യേ.........

കണ്ടു കൊതിച്ചവർ ചെണ്ടും കൊണ്ടെന്നും
പണ്ടുപണ്ടേ കറക്കാട്യേ........
വണ്ടു പോലെ പറക്കാട്യേ.......

കല്ലുമാലക്കതിൽ കമ്മലതില്ലേലും
ആരാരും
കണ്ണുവച്ചുപോകുംകന്നിക്കതിരാണേ
കള്ളിമുള്ളുപോലെ മുള്ളുകളല്ലേലും
മാളോരേ കള്ളിയവളുടെ
നുള്ളൊരു മുള്ളാണേ.......
(എള്ളോളം)
വെള്ളാരം കല്ലിൽ മുത്തമിടും
തെളി നീരാഴത്തിലെ മീനത്തൊടാം
ആറ്റിൻകരയിലെ ആറ്റക്കിളിത്തുവൽ

1 വിദ്യാരംഗം കലാസാഹിത്യവേദി സംസ്ഥാന മത്സരത്തിൽ അവതരിപ്പിച്ച നാടൻപാട്ട്



തൊപ്പി നിനക്കാടീ.........

ഉപ്പു ചതച്ചിട്ട മാങ്ങ ചുണച്ച്
ചുണ്ടു രണ്ടുംചുവന്നോളേ
അനുരാഗം കടഞ്ഞോളേ......

വെള്ളി പാദസ്വരം കാലിലതില്ലേലും
കിന്നാരം ചൊല്ലും മിഴികളിൽ
വെള്ളി വെളിച്ചാടീ........
മുല്ല കേറിപ്പൂത്ത വള്ളിപ്പടർപ്പാണോ
കാർകൂന്തൽ എണ്ണ മിനുക്കിയ
ഞാവൽ കറുപ്പാണേ

# STARS

## കഥാപ്രസംഗം



സംസ്ഥാന സ്കൂൾ
കലോത്സവത്തിൽ
കഥാപ്രസംഗ
മത്സരത്തിൽ
പങ്കെടുത്ത ശ്രീനിമയും
സംഘവും



# FRIENDSHIP



**ASHMIN ROSE MATHEW** 8th D

"Don't walk in front of me, i may not follow don't walk behind me, i may not leadwork beside and be my friend."Albert Camus Friendship is the most wonderful relationship that anyone can have. It is a special relationship shared between each friend for the welfare of others. Best friend is one who accept the goods as well as the bad qualities of his/her friend and also corrects them friendship is all about how much you are and understand each otherwise is string of love which devolves gradually there are friendship leads to sadness while true friendship never demands.

Actually we can't describe there great feelings like friendship as some sentence, Relationship are complex always. One should be a good friend for his colleagues always . Only the friendship of those who are good and similar this goodness is perfect . Therefore 'maintain good friendship. We should be loyal to others. We should be loyal to others. We should stand beside them in their difficulties. Try to make good friends and that will help you live your life 'BETTER'.

POEM

# THERE WAS A TREE



ATHUL RAJ 9 th E

THERE WAS A TREE, THE TREE WAS ON THE VALLEY UNDER
GREEN GRASS GROWN, ON THE GREEN GRASS GROWN AROUND.

THERE WAS A BRANCH, THE BRANCH WAS ON THE TREE
THE TREE ON THE VALLEY UNDER GREEN GRASS GROWN,
ON THE GREEN GRASS GROWN AROUND.

THERE WAS A LEAF, THE LEAF WAS ON THE BRANCH
THE BRANCH WAS ON THE TREE , THE TREE WAS ON THE VALLEY
UNDER GREEN GRASS GROWN,
ON THE GREEN GRASS GROWN AROUND.

THERE WAS A NEST, THE NEST WAS ON THE LEAF
THE LEAF WAS ON THE BRANCH THE BRANCH WAS ON THE TREE ,THE
TREE WAS ON THE VALLEY UNDER GREEN GRASS GROWN,
ON THE GREEN GRASS GROWN AROUND.

THERE WAS A BIRD, THE BIRD WAS ON THE NEST
THE NEST WAS ON THE LEAF
THE LEAF WAS ON THE BRANCH THE BRANCH WAS ON THE
TREE ,THE TREE WAS ON THE VALLEY UNDER GREEN GRASS GROWN,
ON THE GREEN GRASS GROWN AROUND.

THERE WAS A TREE, THE TREE WAS ON THE VALLEY UNDER
GREEN GRASS GROWN, ON THE GREEN GRASS GROWN AROUND.

THERE WAS A TREE, THE TREE WAS ON THE VALLEY UNDER
GREEN GRASS GROWN, ON THE GREEN GRASS GROWN AROUND

POEM

# THE NIGHT



DEVIKA RAVEENDRAN

9 th E

The Stars that gleamed
have now disappeared
leaving me
standed in the darkness

The white pearl
that adorned the sky
has abandoned the dome
that covers our land

sitting on the bench
with me, myself and I
I contumplated the world
on that dark night

questioning my worth
I thought to myself
who am i to this world?
What have I done for it?

Bot as time flies
I saw a ray of hope
that rejoiced the flower
that amazed the birds

that was when I realised
that even the darkest night
would give way

to sparkling sunlight
I gathered my courage
be cause I knew that
the change I wanted to see in the world
has to be made by myself

POEM

# THE SHADOW



JIFSHA JABIR
9 th E

The days in which I stands still,
the nights that I fill with sorrow
maybe that is my fate
to push the time away by a fake smile.

But staring at twinkling stars
make me realize my real side.
Maybe one day I can reach those height.
Love of my mother is the soul of my life,
the friends who stands with me
is the strength of my life.

I am a rebel, with my own dignity.
the rain that pours,
the hills that sing,
the wind that dance knows,
the world is full of miseries.

Man makes money, hiding the truth
not knowing what their shadow means.
The world–the wealth,
ploughs the treasures of life.

The world is busy with cheating and chatting
the one who looses,
is the one who feeds himself with
the light and bright in a recipe of
sweat and tear.

The sun which glows,
the birds who soars high,
the moon and the stars which smiles
which turns into cold blue,
the night which lives through it
are victims of that.


# ചിത്രസ്പർശം





ABHIJITH 8 th D












ABHIRAM 8 th D

AYSHA FEMI 8 th D










FATHIMATHUL FASNA 8 th D








SALEEMA 8 th D






# കാരിക്കേച്ചറുകൾ











कविता

# वो दिन



ANUSREE RAJ

9 th E

वो दिन जरूर आ जाएगा
हम इस धरती सॆ जाना पडॆगा।
मानव नॆ मार दिया
उस कोमल धरती को
क्या कुच्छ नहीं किया धरती हमारॆ लिए?
पर हम पहचान नहीं
हमारॆ धरती माँ को।
हमॆं सुधार नॆ की कोशिश मॆं
धरती थक गया।
जब वॆ पहचान लिया कि
मानव को सुधारनॆ सॆ फायदा नहीं
धऱती अपना आप सुधारनॆ लगा
इसीलिए धरती अपनॆ सिपाहियों
को हमारॆ  बीच लॆ आया।
वो सिपाही प्रलय बनकर
मानव को सुधार नॆ लगा।
फिर भी मानव सुधार नहीं है तो
वो दिन जरूर आएगा
हम इस धरती सॆ जाना पडॆगा।

कविता

# मैं बादल बन जाऊँ



HANAN HARIS
9th D

कितना ही अच्छा हो
यदि मैं बादल बन जाऊँ
नीले नीले आसमान मे
इधर–उधर मंडराऊँ
जब भी देंखू सूखी धरती
झट पिघल मैं जाऊँ
गर्मी से तंग लोगों को

# What Does Mahatma Gandhi Mean?



**Abhinand**
9th D

M – Man of high culture

A – Admired by one and all

H – Honestly saved the poor

A – Active he was up to the end

T – Truth was his life

M – Made us independent

A – Avoided personal comfort

G – Great in all aspects

A – Ahimsa he preached

N – Noble were his thoughts

D – Devoted his life to nation

H – Honourable was he always

I – Indian he was in all aspect

# CROSSWORD



HANAN HARIS
9th D

FIND THE FOLLOWING WORDS:
HAIR, TEMPLE, TOE, KNEE

| | | | | | |
|---|---|---|---|---|---|
| T | H | A | I | R | E |
| E | E | N | K | N | E |
| M | A | M | J | O | L |
| M | I | S | P | S | T |
| L | R | G | M | Y | O |
| R | U | T | Y | O | E |

# RIDDLES

QUESTION

1. I am full of hold; i can hold water . What i am ?

2. What gets wet when drying ?

3. What are the two thing people never eat before breakfast?
4. What is it the more you take away the larger it becomes?

5. What can be keys but can't open any doors?

6. What has 4 legs and only 1 foot?

7. What has two hands and a face, but no arms and legs?

8. What can't be used until it's broken?

ANSWER

1.SPONGE
2.TOWEL

3. LUNCH AND DINNER

4.HOLE

5.PIANO

6.BED


7.CLOCK

8.EGG

# SPARSHAM CREW



ATHUL RAJ



JIFSHA JABIR



GOUTHAMI



GANGA



DEVIKA RAVEENDRAN



ADHISHA



ANUSREE RAJ



HANAN HARIS


SAVE
CHILDREN